# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3289 — 16.12 .2015 ലെ മറുപടിക്ക്

## സങ്കേതം സോഫ്റ്റ് വെയർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി: | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതം സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും നടപ്പാക്കിയിട്ടുണ്ടോ; | (എ) കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ നഗരസഭകളിലും സങ്കേതം സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ അതുകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) കെട്ടിട നിർമ്മാണ അപേക്ഷ അപേക്ഷകർക്ക് എവിടെ നിന്നു വേണമെങ്കിലും ഇ-ഫയലിംഗിലൂടെ സമർപ്പിക്കുന്നതിന് സാധിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓൺലൈനായി അപേക്ഷകൾ പരിശോധിച്ച് ഓൺലൈനായിതന്നെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകാവുന്നതാണ്. കൂടാതെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതുമുഖേന ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭ്യമാകും. 2 ഡി ബാർകോഡ് ഉൾപ്പെടുത്തി ആധികാരത ഉറപ്പുവരുത്തിയിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റും ഒക്കുപ്പൻസി സർട്ടിഫിക്കറ്റും ലഭ്യമാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, പെർമിറ്റ് ഫീസ് തുടങ്ങിയവ അപേക്ഷകരെ അറിയിക്കുന്നതിനുള്ള എസ്.എം.എസ്. സംവിധാനവും ലഭ്യമാണ്. ഇതുവഴി കെട്ടിടനിർമ്മാണ അനുമതി സംബന്ധിച്ച നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും സത്വരമായി പെർമിറ്റ് അനുവദിക്കുന്നതിനും നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള സമ്പ്രദായം നിലവിൽവരുത്തുവാൻ കഴിഞ്ഞു. |

(തുടർച്ച......2)

| | |
|---|---|
| (സി) പ്രസ്തുത സംവിധാനം വ്യാപകമാക്കാനും, അതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്താനും നിർദ്ദേശം നൽകുമോ? | (സി) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും കെട്ടിടനിർമ്മാണ അനുമതിക്കായുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനത്തിന് 01.11.2014 ൽ തുടക്കം കുറിച്ചിട്ടുണ്ട്. 03.12.2014 മുതൽ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും കെട്ടിടനിർമ്മാണ അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കാവൂ എന്നും ഹാർഡ് കോപ്പി സ്വീകരിക്കേണ്ടതില്ലെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ